# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 93 — 08.02.2013 ൽ - മറുപടിക്ക്

### അന്ത്യോദയ, അന്നപൂർണ്ണ പദ്ധതിപ്രകാരം ആനുകൂല്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ:<br>ശ്രീ. എം.പി. അബ്ദുസ്സമദ് സമദാനി:<br>ശ്രീ. സി. മമ്മൂട്ടി:<br>ശ്രീ. പി.കെ. ബഷീർ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) അന്ത്യോദയ, അന്നപൂർണ്ണ പദ്ധതിപ്രകാരം ആനുകൂല്യം ലഭിക്കേണ്ട അർഹരായ നിരവധി നിരാലംബർക്ക് ആനുകൂല്യം ലഭിക്കുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതൊക്കെ വിഭാഗങ്ങളിൽ പെടുന്നവർക്കാണ് പ്രസ്തുത പദ്ധതി പ്രകാരം ഭക്ഷ്യധാന്യം ലഭിക്കാൻ അർഹതയുള്ളത്; | (ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരിൽ അതീവ ദരിദ്ര വിഭാഗങ്ങളാണ് അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുന്നത്. സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ, 60 വയസ്സോ അതിന് മുകളിൽ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ; സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ, 60 വയസ്സോ അതിന് മുകളിൽ പ്രായമുള്ളവരോ, ഏകയായ സ്ത്രീയോ പുരുഷനോ; എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങൾ; വിട്ടുമാറാത്തതും മാരകവുമായ എയ്ഡ്സ് പോലുള്ള രോഗങ്ങൾക്ക് അടിപ്പെട്ടവർ, ക്യാൻസർ ബാധിച്ച പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സക്കു വിധേയരാകേണ്ടി വരുന്നതു മൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണം മൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും യാതൊരു സഹായവും ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നീ വിഭാഗങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.<br>65 വയസ്സു കഴിഞ്ഞ ഒരു തരത്തിലുമുള്ള പെൻഷൻ ലഭിക്കാത്ത അഗതികളെയാണ് അന്നപൂർണ്ണ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. |
| (സി) ഇതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തേണ്ടതിന്റെ ആവശ്യകത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഏതു തരത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നതെന്നു അറിയിക്കുമോ;<br>(ഡി) പരമാവധി അശരണർക്ക് ആനുകൂല്യം ലഭിക്കുംവിധം പദ്ധതി നടത്തിപ്പിൽ മാറ്റം വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) & (ഡി) ഉണ്ട്. പരമാവധി അശരണർക്ക് ആനുകൂല്യം ലഭിക്കാൻ അന്നപൂർണ്ണ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ